(ബി) ഇതിൽ സ്ഥിരം, കരാർ ദിവസ വേതനം എംപ്ലോയ്മെന്റ് ലിസ്റ്റ് വിഭാഗം ജീവനക്കാർ എത്രയെന്നും, അവരുടെ പേരും തസ്തികയും ഏതാണെന്നും തരംതിരിച്ച് ലിസ്റ്റ് സഹിതം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 465 ജീവനക്കാർ.

(ബി) ഇതിൽ 265 പേർ സ്ഥിരം ജീവനക്കാരാണ്. 71 പേർ കോൺട്രാക്ട് വ്യവസ്ഥയിലും 118 പേർ ദിവസ വേതനാടിസ്ഥാനത്തിലും, 11 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവും നിയമിക്കപ്പെട്ടവരാണ്. ജീവനക്കാരുടെ പേരുവിവരവും തസ്തികകളുടെ വിവരവും ശേഖരിച്ചു നല്കുന്നതാണ്.

കണ്ണൂർ ജില്ലയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ ഒഴിവുകൾ

165 [1641] ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ എത്ര ഒഴിവുകളുണ്ട്;

(ബി) ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ 19 ഒഴിവുകളുണ്ട്.

(ബി) 19 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക്ലിസ്റ്റ്

166 [1642] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; ആകെ എത്ര പേർ റാങ്ക് ലിസ്റ്റിൽ ഉണ്ടായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്രപേർക്ക് നിയമനം നൽകി;

(സി) ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ പാലക്കാട് ജില്ലയിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ നിയമ തടസ്സമുണ്ടോ;

(ഇ) ഇല്ലെങ്കിൽ നിലവിലുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2002-ൽ നിലവിൽ വന്നു. റാങ്ക് ലിസ്റ്റിൽ ആകെ ഉണ്ടായിരുന്നവരുടെ എണ്ണം ശേഖരിച്ചു നൽകുന്നതാണ്.

(ബി) 129 പേർക്ക്.

(സി) 52 ഒഴിവുകൾ.

(ഡി) ദേശീയ കുഷ്ഠരോഗ നിവാരണ പദ്ധതിയിലെ സ്ഥിരം ജീവനക്കാരെ പൊതുജനാരോഗ്യ പരിപാടിയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകളിലേക്ക് ഇന്റഗ്രേറ്റ് ചെയ്യേണ്ടതായിട്ടുള്ളതിനാൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ തൽക്കാലം കഴിയുകയില്ല.

(ഇ) ഉത്തരം 'ഡി' യ്ക്ക് നൽകിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ തൽക്കാലം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർവ്വാഹമില്ല.

ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നടത്തിയ കോഴ്സുകൾക്ക് സർക്കാർ അംഗീകാരം

167 [1643] ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നടത്തിയ പോസ്റ്റ്ഗ്രാഡുവേഷൻ ഡിപ്ലോമ ഇൻ ക്ളിനിക്കൽ സൈക്കോളജി പോസ്റ്റ്ഗ്രാഡുവേഷൻ ഡിപ്ലോമ ഇൻ സോഷ്യൽ വർക്ക് എന്നീ കോഴ്സുകൾക്ക് സർക്കാർ അംഗീകാര നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ കോഴ്സുകൾക്ക് പബ്ളിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly